പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1796 11.2.2013-ൽ മറുപടിക്ക്

## വീടുകളിലെ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിന് പ്രോത്സാഹനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>,, വി. പി. സജീന്ദ്രൻ<br>,, എം. പി. വിൻസെന്റ്<br>,, എ. പി. അബ്ദുള്ളക്കുട്ടി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ വീടുകളിൽ മാലിന്യം ഉറവിടത്തിൽതന്നെ സംസ്ക്കരിക്കുന്നതിന് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | എ) ഉറവിട മാലിന്യ സംസ്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി വീടുകളിലും സ്ഥാപനങ്ങളിലും അനുയോജ്യമായ സാങ്കേതിക വിദ്യകൾ അനുവദിക്കുന്നതിനും അവയ്ക്കുള്ള സബ്സിഡി നിരക്ക് ഉയർത്താനും കഴിഞ്ഞു. വീടുകളിൽ സ്ഥാപിക്കുന്ന കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്ന് ശുചിത്വമിഷൻ വഴി 75% സബ്സിഡിയും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഭാഗത്ത് നിന്ന് 15% സബ്സിഡിയും ചേർത്ത് ആകെ 90% സബ്സിഡിയും ഗാർഹിക തലത്തിലുള്ള ബയോഗ്യാസ് പ്ലാന്റുകൾക്ക് സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും ശുചിത്വ മിഷൻ വഴി 50% സബ്സിഡിയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭാഗത്ത് നിന്നും 25% സബ്സിഡിയും ചേർത്ത് 75% സബ്സിഡിയും അനുവദിച്ചു നൽകി വരുന്നു. മാലിന്യ സംസ്കരണം സംവിധാനം സ്ഥാപിക്കുന്ന സർക്കാർ, സർക്കാരേതിര സ്ഥാപനങ്ങൾ, ഹോട്ടൽ തുടങ്ങിയവയ്ക്ക് പ്രോജക്ട് തുകയുടെ 50% പരമാവധി ഒരു ലക്ഷം രൂപ വരെ സർക്കാർ സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിച്ചു വരുന്നു. |
| ബി) മാലിന്യസംസ്കരണം നടത്തുന്നവർക്ക് കെട്ടിടനികുതിയിൽ ഇളവ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | ബി) തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വീടുകളിലെ വികേന്ദ്രീകൃത മാലിന്യം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വീടുകളിൽ കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ, ബയോ |

| | | | |
|---|---|---|---|
| | | | ഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്ന വീടുകൾക്ക് കെട്ടിടനികുതിയിൽ 10% വരെ ഇളവ് ലഭിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകികൊണ്ട് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. |
| സി) | ഇക്കാര്യത്തിൽ ഇളവുകൾ നൽകാനുള്ള അധികാരം ആർക്കാണ് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | സി) | കെട്ടിടനികുതിയിൽ ഇളവുകൾ നൽകാനുള്ള അധികാരം അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ് നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ